# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3940 — 27.06.2012-ൽ മറുപടിക്ക്

## സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ തുടങ്ങാൻ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി കെ.എസ്.സലീഖ : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | നിലവിൽ സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുള്ളത് ഏതൊക്കെ ജില്ലകളിലാണ് ; | (എ) | നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, പാലക്കാട്, എന്നീ ജില്ലകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | മറ്റ് ജില്ലകളിലും കൂടി ഇത്തരത്തിലുള്ള ആശുപത്രികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | പരിശോധിച്ചുവരുന്നു. |
| (സി) | ഈ വർഷം ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത ആശുപത്രി തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും പറയാമോ ; ഇവയുടെ നിർമ്മാണപ്രവർത്തനത്തിന് മാറ്റിവച്ച തുക എത്ര വീതമാണെന്നും അറിയിക്കുമോ ; | (സി) | കോട്ടയം, തൃശ്ശൂർ, വയനാട്, മലപ്പുറം ജില്ലകളിൽ ഈ വർഷം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. 35 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം തുടങ്ങാൻ ഉദ്ദേശിക്കുന്ന ആശുപത്രികളിൽ ഏതൊക്കെ വിധത്തിലുള്ള സൗകര്യങ്ങൾ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളത് ; | (ഡി) | പ്രസ്തുത ആശുപത്രികളിൽ ഒ.പി.വിഭാഗം, ഓപ്പറേഷൻ തീയേറ്റർ, പ്രസവമുറി, പ്രസവത്തിന് ശേഷമുള്ള വിശ്രമ മുറി, കുട്ടികളുടെ മുറി, ഡോക്ടർമാരുടെയും നഴ്സുമാരുടെയും വിശ്രമ മുറി, മരുന്നു സൂക്ഷിക്കുന്നതിനുള്ള മുറി തുടങ്ങിയ എല്ലാ വിധ സൗകര്യങ്ങളും നടപ്പിൽ വരുത്തുന്നതാണ്. |
| (ഇ) | ഇത്തരത്തിലുള്ള ആശുപത്രി കെട്ടിടങ്ങളുടെ ചുമതല ഏത് ഏജൻസിയെയാണ് ഏൽപിച്ചിട്ടുള്ളത് ; | (ഇ) | നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ആരേയും ചുമതലപ്പെടുത്തിയിട്ടില്ല. പി.ഡബ്ല്യൂ.ഡി യിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. |
| (എഫ്) | നിലവിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ? | (എഫ്) | തിരുവനന്തപുരത്തെ ഡബ്ല്യൂ & സി ആശുപത്രിയുടെ നവീകരണത്തിന് 42 ലക്ഷം രൂപയും കോഴിക്കോടിന് 45 ലക്ഷം രൂപയും പാലക്കാടിന് 1,46,78,519 രൂപയും ഈ വർഷം നീക്കി വെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ